**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2104** **12-09-2023 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് ഗവ. ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ബജറ്റിൽ ഒന്നര കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാന ബഡ്ജറ്റിൽ ഒന്നരക്കോടി രൂപ അനുവദിച്ച മലമ്പുഴ നിയോജക മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണത്തിനായി 23.02.2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് നം. ജി.ഒ. (ആർ.റ്റി) 62/2023/ കാ.യു.വ. പ്രകാരം 1.50 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി 24.08.2023 അവസാന തീയ്യതിയായി ആദ്യ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടറിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളു. ആയതിനാൽ ടി പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്നും ആയത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (ബി) | സംസ്ഥാന ബഡ്ജറ്റിൽ ഒന്നരക്കോടി രൂപ അനുവദിച്ച മലമ്പുഴ നിയോജക മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണത്തിനായി 23.02.2023 തീയ്യതിയിലെ സർക്കാർ ഉത്തരവ് നം. ജി.ഒ. (ആർ.റ്റി) 62/2023/ കാ.യു.വ. പ്രകാരം 1.50 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി 24.08.2023 അവസാന തീയ്യതിയായി ആദ്യ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ടെണ്ടറിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളു. ആയതിനാൽ ടി പ്രവൃത്തി റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ